**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 467** **16-03-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ലൈഫ് പദ്ധതിക്ക് ഹാബിറ്റാറ്റുമായി കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എം. വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരിയിൽ ലൈഫ് പദ്ധതിയുടെ ഫ്ലാറ്റ് നിർമ്മാണത്തിന്റെ ഭാഗമായി ഹാബിറ്റാറ്റ് എന്ന സ്ഥാപനത്തിന് സർക്കാർ ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാൻ തീരുമാനമെടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | ഇത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | ലൈഫ് മിഷൻ നേരിട്ട് നടപ്പിലാക്കുന്ന പൈലറ്റ് ലൈഫ് ഭവന സമുച്ചയത്തിന്റെ തൃശ്ശൂർ ജില്ല ഉൾപ്പെടെ 7 ജില്ലകളിലെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി ഹാബിറ്റാറ്റിനെ തിരഞ്ഞെടുത്തിരുന്നു. കെട്ടിട നിർമ്മാണത്തിന് ഹാബിറ്റാറ്റുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.<br><br>എന്നാൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രീഫാബ് ടെക്നോളജിയിൽ പരിജ്ഞാനമില്ല എന്ന കാരണത്താൽ പി എം സി യായി തുടരുവാൻ താത്പര്യമില്ലായെന്ന് അറിയിച്ച് രേഖാമൂലം കത്ത് നൽകുകയും, തുടർന്ന് 31.10.2019 ന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. |
| (സി) | എങ്കിൽ പ്രസ്തുത കരാറിൽ നിന്നും പിന്മാറാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (സി) | ലൈഫ് മിഷൻ നേരിട്ട് നടപ്പിലാക്കുന്ന പൈലറ്റ് ലൈഫ് ഭവന സമുച്ചയത്തിന്റെ തൃശ്ശൂർ ജില്ല ഉൾപ്പെടെ 7 ജില്ലകളിലെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി ഹാബിറ്റാറ്റിനെ തിരഞ്ഞെടുത്തിരുന്നു. കെട്ടിട നിർമ്മാണത്തിന് ഹാബിറ്റാറ്റുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | | | എന്നാൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രീഫാബ് ടെക്നോളജിയിൽ പരിജ്ഞാനമില്ല എന്ന കാരണത്താൽ പി എം സി യായി തുടരുവാൻ താത്പര്യമില്ലായെന്ന് അറിയിച്ച് രേഖാമൂലം കത്ത് നൽകുകയും, തുടർന്ന് 31.10.2019 ന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ